# പതിമൂന്നാം കേരളനിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2561** **27/01/2014-ൽ മറുപടിക്ക്**

## ഓരോ ആശുപത്രിക്കും ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിനുള്ള നടപടിക്രമം

**ചോദ്യം**

ശ്രീ. എ. കെ.ശശീന്ദ്രൻ
" തോമസ് ചാണ്ടി

**മറുപടി**

ശ്രീ. വി. എസ്. ശിവകുമാർ
(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

---

| | | | |
|---|---|---|---|
| (എ) | ഓരോ ആശുപത്രിക്കും ഓരോ വർഷവും ആവശ്യമായ മരുന്നുകൾ വാങ്ങുന്നതിനുള്ള നടപടിക്രമം വ്യക്തമാക്കുമോ ; | (എ) & (ബി) | ഓരോ സർക്കാർ മെഡിക്കൽ കോളേജുകളിലെയും എല്ലാ വിഭാഗം ക്ലിനിക്കൽ ഡിപ്പാർട്ട്മെന്റ് മേധാവികളുടെയും സ്റ്റോർ സൂപ്രണ്ടിന്റെയും യോഗത്തിൽ മുൻ വർഷങ്ങളിലെ ആവശ്യകത കണക്കിലെടുത്ത് തയ്യാറാക്കുന്ന ഇൻഡന്റ് പ്രിൻസിപ്പൽ തലത്തിൽ അംഗീകരിച്ചശേഷം അത് ഡി.എം.ഇ.യ്ക്ക് നൽകുകയും ഡി.എം.ഇ. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലേയും ഇൻഡന്റ് ക്രോഡീകരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകുകയുമാണ് ചെയ്യുന്നത്. ഇതു കൂടാതെ ആരോഗ്യവകുപ്പിന് കീഴിലുള്ള എല്ലാ ആശുപത്രികളിലും ഓരോ വർഷവും ആവശ്യമുള്ള മരുന്നുകളുടെ ഇൻഡന്റ് തയ്യാറാക്കുവാൻ ആശുപത്രി മേധാവിയുടെ കീഴിൽ കമ്മിറ്റി നിലവിലുണ്ട്. ഈ കമ്മിറ്റി എല്ലാ ഘടകങ്ങളും പരിശോധിച്ച് ആശുപത്രിക്ക് എത്രമാത്രം മരുന്ന് വേണമെന്ന് നിശ്ചയിക്കും. ആശുപത്രികൾ സമർപ്പിക്കുന്ന ഇൻഡന്റ് ജില്ലാ മെഡിക്കൽ ഓഫീസറുടെ കീഴിലുള്ള കമ്മിറ്റി സൂക്ഷ്മ പരിശോധന നടത്തി ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കുന്നു. ആരോഗ്യവകുപ്പ് ഡയറക്ടർ ആയത് അംഗീകരിച്ച് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് നൽകുകയും ചെയ്യുന്നു. |
| (ബി) | ഇതിനു വേണ്ടിയുള്ള ഇൻഡന്റ് സംസ്ഥാനതലത്തിൽ ക്രോഡീകരിച്ച് വാങ്ങുന്നതിനുള്ള നടപടിക്രമം വിശദമാക്കുമോ ; | | |

| | | | |
|---|---|---|---|
| (സി) | ആശുപത്രികൾക്ക് ആവശ്യമായ മരുന്നുകൾക്ക് വേണ്ടിയുള്ള ഇൻഡന്റ് നൽകുന്നതിനുള്ള കാലതാമസം മൂലം മരുന്ന വാങ്ങൽ നടപടിക്രമം അവതാളത്തിലായതായി ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | നിലവിൽ കാലതാമസമുണ്ടായിട്ടില്ല. |
| (ഡി) | ഇതിന് കാരണക്കാരായവരുടെ പേരിൽ നടപടി സ്വീകരിക്കുമോ ; | (ഡി) | മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ബാധകമല്ല. |
| (ഇ) | മരുന്ന് വാങ്ങുന്നതിനും ഇൻഡന്റ് ചെയ്യുന്നതിനും വ്യവസ്ഥാപിതവും സുതാര്യവുമായ നടപടിക്രമം സ്വീകരിക്കുമോ ? | (ഇ) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ മുഖേന മരുന്ന് വാങ്ങുന്നതിനും ഇൻഡന്റ് ചെയ്യുന്നതിനും വ്യവസ്ഥാപിതവും സുതാര്യവുമായ നടപടിക്രമങ്ങളാണ് നിലവിലുള്ളത്. |

സെക്ഷൻ ഓഫീസർ